# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.173/2024 തിരുവനന്തപുരം, തീയതി: 05/08/2024

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2024 – 25 സപ്ലിമെന്ററി അലോട്ട്മെന്റിലേക്കായി പുതിയ രജിസ്ട്രേഷൻ ചെയ്യുന്നതിനും, ഓപ്ഷൻ നല്കുന്നതിനും ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുന്നതിനും ആഗസ്റ്റ് 6 മുതൽ 11 വരെ അവസരം.

നിലവിൽ രജിസ്ട്രേഷൻ ചെയ്യാത്ത എല്ലാ വിദ്യാർത്ഥികൾക്കും ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേയ്ക്കുള്ള പ്രവേശനത്തിന് 2024 ആഗസ്റ്റ് 6 മുതൽ ആഗസ്റ്റ് 11 വരെ പുതിയ രജിസ്ട്രേഷൻ നടത്താവുന്നതാണ്. ഈ ഘട്ടത്തിൽ പരമാവധി 20 ഓപ്ഷനുകൾ വരെ നൽകാവുന്നതാണ്.

നിലവിൽ രജിസ്ട്രേഷനുള്ള എല്ലാവർക്കും പുതിയ ഓപ്ഷനുകൾ ചേർക്കൽ, റീവാല്യൂവേഷൻ/ഗ്രേസ് മാർക്ക് ഉൾപ്പെടുത്തൽ, കാറ്റഗറി മാറ്റം തുടങ്ങി എല്ലാ തിരുത്തലുകൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് അക്കാദമിക് വിവരങ്ങളും (മാർക്കിലെ വർദ്ധനവ്/സ്പെഷ്യൽ വെയിറ്റേജ്) ഓപ്ഷനുകളും മാത്രമേ മാറ്റം വരുത്താൻ സാധിക്കുകയുള്ളൂ.

പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ മുൻ അലോട്ട്മെന്റുകളിൽ നൽകിയ ഓപ്ഷനുകൾ ക്യാൻസൽ ആകുന്നതാണ്. പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ തുടർന്നു വരുന്ന സപ്ലിമെന്ററി അലോട്ട്മെന്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.

മുൻ അലോട്ട്മെന്റുകളിൽ ഫീസ് ഒടുക്കാതെ അലോട്ട്മെന്റ് റദ്ദായ അപേക്ഷകർക്കും, ഫീസ് അടച്ചിട്ടും കോളേജിൽ പ്രവേശനം നേടാൻ സാധിക്കാത്ത അപേക്ഷകർക്കും, ആപ്ലിക്കേഷൻ നമ്പർ, പാസ്സ് വേർഡ് എന്നിവ ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്തശേഷം പുതിയതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. പുതുതായി ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികളുടെ പുതിയതായി നൽകിയ ഓപ്ഷനുകൾ മാത്രമേ സപ്ലിമെന്ററി അലോട്ട്മെന്റിലേക്ക് പരിഗണിക്കൂ. പുതുതായി ഓപ്ഷൻ നൽകിയില്ലെങ്കിൽ ഇവരുടെ പഴയ എല്ലാ ഓപ്ഷനുകളും പരിഗണിക്കുന്നതാണ്.

നിലവിൽ കോളേജ് പ്രവേശനം നേടി അഡ്മിഷൻ ഉറപ്പാക്കിയ വിദ്യാർത്ഥികളുടെ ഹയർ ഓപ്ഷനുകൾ ഈ അലോട്ട്മെന്റിലേക്ക് പരിഗണിക്കുന്നതല്ല. പ്രസ്തുത വിദ്യാർത്ഥികൾക്ക്

സപ്ലിമെന്ററി അലോട്ട്മെന്റിൽ താല്പര്യമുള്ളപക്ഷം പുതിയതായി ഓപ്ഷനുകൾ നൽകേണ്ടതാണ്.

പ്രൊഫൈലിൽ തിരുത്തൽ വരുത്തൽ, അലോട്ട്മെന്റിലേക്ക് വീണ്ടും പരിഗണിക്കൽ (Reconsider) എന്നിവ ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളും (ഇതിനായി സർകലാശാലയിൽ അപേക്ഷ നല്കിയിട്ടുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ) സ്വയം അവരവരുടെ പ്രൊഫൈലിൽ പ്രസ്തുത മാറ്റങ്ങൾ വരുത്തേണ്ടതാണ്.

ഇതര സർവകലാശാലകളിൽ നിന്ന് ബിരുദം പൂർത്തിയാക്കിയ അപേക്ഷകർ, അഡ്മിഷൻ സമയത്ത് നിർബന്ധമായും എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് .

തിരുത്തലുകൾ വരുത്തി കഴിഞ്ഞാൽ, പുതിയതായി നൽകിയ ഓപ്ഷനുകൾ/മാറ്റങ്ങൾ അപേക്ഷയിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കേണ്ടതും (options for supplementary allotment) അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതുമാണ്.

## ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2024 സ്പോർട്സ് ക്വാട്ട സീറ്റിലേക്കും മറ്റ് ഒഴിവുള്ള സീറ്റിലേക്കുമുള്ള സ്പോട്ട് അലോട്ട്മെന്റ് 2024 ആഗസ്റ്റ് 6 ന് എസ്.എൻ. കോളേജ് കൊല്ലത്ത് വച്ച് നടത്തുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്, എയ്ഡഡ് കെ.യു.സി.ടി.ഇ. കോളേജുകളിലെ ഒന്നാം വർഷ ബി.എഡ്. കോഴ്സുകളിൽ സ്പോർട്സ് ക്വാട്ട സീറ്റിലേക്കും മറ്റ് ഒഴിവുള്ള സീറ്റിലേക്കും (കെ.യു.സി.ടി.ഇ. മാനേജ്മെന്റ് ക്വാട്ട ഉൾപ്പെടെ) സ്പോട്ട് അലോട്മെന്റ് 2024 ആഗസ്റ്റ് 06 ന് എസ്.എൻ. കോളേജ് കൊല്ലത്ത് വച്ച് നടത്തുന്നതാണ്. അർഹരായ വിദ്യാർത്ഥികൾ മതിയായ രേഖകൾ സഹിതം ആഗസ്റ്റ് 06 ന് രാവിലെ 10 മണിക്ക് മുൻപായി കൊല്ലം എസ്.എൻ. കോളേജിൽ ഹാജരാകേണ്ടതാണ്. ഓൺലൈനിൽ അപേക്ഷിച്ച സമയത്ത് രേഖപ്പെടുത്തിയ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവ ഇല്ലാത്തപക്ഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താകുന്നതാണ്. സ്പോട്ട് അലോട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ വിദ്യാർത്ഥികൾക്ക് നേരിട്ട് ഹാജരാകാൻ സാധിക്കാത്ത പക്ഷം വിദ്യാർത്ഥികൾ നൽകുന്ന സാക്ഷ്യപത്രവുമായി രക്ഷകർത്താവിന് ഹാജരാകാവുന്നതാണ്. നിലവിൽ കേരളസർവകലാശാലക്ക് കീഴിലുള്ള ഏതെങ്കിലും ബി.എഡ്. കോളേജിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷനിൽ തുടരുന്ന (മാനേജ്മെന്റ് ക്വാട്ട ഉൾപ്പെടെ) വിദ്യാർഥികളെ ഈ സ്പോട്ട് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല (ഡിഫറന്റ്ലി ഏബിൾഡ്, ബ്ലൈൻഡ് വിദ്യാർത്ഥികൾക്ക് ഈ നിബന്ധന ബാധകമല്ല). സ്പോർട്സ് ക്വാട്ട, ഡിഫൻസ് ക്വാട്ട തുടങ്ങി (ഇ.ഡബ്ല്യൂ.എസ് ഒഴികെ) ഒഴിവു വരുന്ന എല്ലാ സീറ്റുകളും ജനറൽ മെറിറ്റ് സീറ്റിലേക്ക് പരിവർത്തനം നടത്തി അലോട്ട്മെന്റ് പ്രക്രിയ പൂർത്തിയാക്കുന്നതാണ്.

## കേരളസർവകലാശാല യൂണിയൻ (2023-24)
## വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല യൂണിയൻ (202324) ഭാരവാഹികളുടേയും, സെനറ്റ്/ സ്റ്റുഡന്റ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തെരെഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വോട്ടർ പട്ടികകൾ  സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## പുതുക്കിയ പരീക്ഷാതീയതി

കേരളസർവകലാശാല 2024 ജൂലൈ 31 ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ പരീക്ഷകളുടെ പുതുക്കിയ തീയതികൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**